ശ്രീ. എം. പി. ഗോവിന്ദൻ നായർ : ഇക്കാര്യത്തിൽ പ്രത്യേകമായി ഒരു ഓർഡിനൻസിന്റെ ആവശ്യമുണ്ടെന്നു തോന്നുന്നില്ല. ഇപ്പോഴത്തന്നെ അതെല്ലാം നിയന്ത്രിക്കുന്നതിനാവശ്യമായ നിയമമുണ്ട്. അതിനുള്ള വ്യവസ്ഥകൾ എവിടെയെങ്കിലും ലംഘിക്കുന്നുണ്ടെങ്കിൽ അതു് തടയുന്നതിനാവശ്യമായ നടപടികളെടുക്കാവുന്നതാണു്.

ശ്രീ. എം. നാരായണക്കുറുപ്പു് : ഗവണ്മെന്റിൽനിന്നും ഇപ്പോഴും തന്നെ നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടെന്നു് പറഞ്ഞു. എന്നാൽ ഈ നിയന്ത്രണമെല്ലാം ഏർപ്പെടുത്തേണ്ട ഉദ്യോഗസ്ഥന്മാർ തന്നെ അതു് ലംഘിക്കുന്നുവെന്നുള്ള കാര്യം ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : അതു് ബഹുമാനപ്പെട്ട മെമ്പറുടെ അഭിപ്രായം മാത്രമാണു്.

വ്യഭിചാര നിരോധന പ്രവർത്തനം

* 357. [15] ശ്രീ. പി. സി. രാഘവൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ ഒരു കൊല്ലത്തിനുള്ളിൽ ഈ സ്റ്റേറ്റിൽ വ്യഭിചാര നിരോധന നിയമപ്രകാരം ചാർജ്ജ്ചെയ്ത കേസ്സുകൾ ജില്ലാ അടിസ്ഥാനത്തിൽ എത്ര;

(ബി) ഇതിൽ ആകെയുള്ള പ്രതികളിൽ പുരുഷന്മാരും സ്ത്രീകളുമെത്ര;

(സി) എത്ര പേരെ ജയിൽ ശിക്ഷയ്ക്കു് വിധിച്ചു;

(ഡി) മറ്റു ശിക്ഷിക്കപ്പെട്ടവർക്കു് പിഴ വിളിക്കപ്പെട്ട തുകയെത്ര;

(ഈ) മറ്റു ശിക്ഷിക്കപ്പെട്ടവരിൽ സർക്കാരുദ്യോഗസ്ഥന്മാർ എത്ര?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

(എ)

തിരുവനന്തപുരം	5
കൊല്ലം	3
ആലപ്പുഴ	2
കോട്ടയം	2
എറണാകുളം	20
തൃശ്ശൂർ	2
കോഴിക്കോടു്	7
കണ്ണൂർ	1
ആകെ	42

(ബി) പുരുഷന്മാർ ഇരുപത്തു്, സ്ത്രീകൾ അൻപത്തിയൊന്നു്.

(സി) 12.

(ഡി, ഈ) ഇല്ല.

ശ്രീ. എൻ. എസ്സ്. കൃഷ്ണപിള്ള : മുൻകൊല്ലങ്ങളെ അപേക്ഷിച്ചു ഇക്കൊല്ലം ഈ കേസുകളുടെ എണ്ണം കുറവാണോ കൂടുതലാണോ ?

ശ്രീ. ആർ. ശങ്കർ : കൂടുതലാണോ, കുറവാണോ എന്നു് ക്ലിപ്തമായി പറയാൻ നിവൃത്തിയില്ല. കഴിഞ്ഞകൊല്ലത്തെകണക്കു് എന്റെ കൈവശം ഇപ്പോഴില്ലാത്തതുകൊണ്ടു് ക്ലിപ്തമായി പറയാൻ സാധിക്കുകയില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഈ. പി. ഗോപാലൻ : ഇക്കാര്യത്തിൽ കുറെ ചുമത്തി ചാർജ്ജ് ചെയ്ത കോടതിയിൽ കൊണ്ടുവന്നിട്ടുള്ള കേസുകളിൽ സ്ത്രീയും പുരുഷനും സമ്മതമായിട്ട് ചെയ്ത പ്രവർത്തിയാണെന്നും, അതുകൊണ്ട് യാതൊരു കുറവും അവരുടെ പേരിൽ ചുമത്തരുതെന്നും ഉള്ള വാദം ഉന്നയിച്ചിട്ടുണ്ടോ ?

ശ്രീ. ആർ. ശങ്കർ : അങ്ങനെ രണ്ടു പേരുടേയും സമ്മതമായിട്ടാണെന്നുള്ള വാദം ഉണ്ടായിട്ടുണ്ട്.

ശ്രീ ഈ. പി. ഗോപാലൻ : വ്യഭിചാരം നടത്തീയിട്ടുള്ളതു് പുരുഷന്റെയും സ്ത്രീയുടെയും സമ്മതപ്രകാരമാണെന്നു് വാദിച്ചാലും നിയമപ്രകാരം അതു് തെറ്റാണെന്നറിയാമോ ?

ശ്രീ. ആർ. ശങ്കർ : അറിയാം.

ശ്രീ. ഹമീദാലി ഷംനാട് : വ്യഭിചാരനിരോധന നിയമം ലംഘിക്കുന്നതു് കേരളത്തിന്റെ വടക്കു് ഭാഗത്താണോ തെക്കു് ഭാഗത്താണോ കൂടുതലെന്നു പറയാമോ ?

ശ്രീ. ആർ. ശങ്കർ : ഒരു ഭാഗവുംഅതു മോശമാണെന്നു തോന്നുന്നില്ല.

നിയമസഭയിൽ അവതരിപ്പിച്ച ബില്ലുകൾ

* 358. [17] ശ്രീ. പി. ആർ. ഫ്രാൻസിസു് : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവണ്മെന്റു് അധികാരത്തിൽ വന്നതിനുശേഷം എത്ര ബില്ലുകൾ നിയമസഭയിലവതരിപ്പിച്ചിട്ടുണ്ടു് ;

(ബി) അവയിൽ എത്രയെണ്ണം നിയമസഭ പാസ്സാക്കിയിട്ടുണ്ടു് ;

(സി) എത്രയെണ്ണത്തിനു അനുമതി ലഭിച്ചു് 'Act' ആയിട്ടു പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടു് ;

(ഡി) എത്രയെണ്ണം പ്രാബല്യത്തിൽ വന്നിട്ടുണ്ടു് ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

(എ) 165.
(ബി) 152.
(സി) 147.
(ഡി) 138.

ശ്രീ. എം. നാരായണക്കുറുപ്പു് : പണമിടപാടു നിയമം ഈ ഗവണ്മെന്റു 1958—ൽ പാസാക്കിയതാണു്. ആ നിയമം ഇത്രയും കാലമായിട്ടും പ്രാബല്യത്തിൽ കൊണ്ടുവന്നിട്ടില്ല. അതിനുള്ള കാരണം എന്താണെന്നു് വ്യക്തമാക്കാമോ ?

ശ്രീ. ആർ. ശങ്കർ : പ്രത്യേകം ചോദ്യം ചോദിക്കണം.

കായലോരപ്രദേശങ്ങളിലെ ശുദ്ധജലവിതരണം

* 359. [18] ശ്രീ. പി. കെ. അബ്ദുൽകാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൂന്നാം പഞ്ചവത്സരപദ്ധതിയുടെ കഴിഞ്ഞുപോയ വർഷങ്ങളിൽ കായലോര പ്രദേശങ്ങളിലെ ശുദ്ധജലവിതരണത്തിനു് ജില്ലതിരിച്ചു ചെലവാക്കിയ സംഖ്യ എത്രയാണു് ;

LIBRARY ARCHIVES Kerala Legislative Assembly